بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۱

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 09.09.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 32

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًاعَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِکِ يَوْمِ الدِّيْنِ ○ اِيَّاکَ
نَعْبُدُ وَاِيَّاکَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്കർ(റ)ന്റെ ജീവിതത്തിലെ ചില സംഭവങ്ങൾ ഞാൻ വിവരിക്കുന്നതാണ്. ഹദ്റത്ത് അബൂബക്കർ(റ)ന്റെ വഫാത്തിന്റെ സമയം അടുത്തപ്പോൾ, അദ്ദേഹം ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫ്(റ) നെ വിളിച്ച് ചോദിച്ചു: ഉമർ(റ)നെ കുറിച്ചുള്ള അഭിപ്രായം എന്നോട് പറയൂ, അദ്ദേഹം പറഞ്ഞു: അല്ലയോ ഖലീഫത്തുൽ റസൂൽ അല്ലാഹുവാണെ സത്യം, അദ്ദേഹത്തിന്റെ പ്രകൃതം കാഠിന്യ സ്വഭാവമുള്ളതാണെന്നുള്ളതൊഴിച്ചാൽ നിങ്ങൾ വിചാരിക്കുന്നതിലും മികച്ച വ്യക്തിയാണദ്ദേഹം. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: എന്നിൽ മൃദുത്വം കാണുന്നതുകൊണ്ടാണ് അദ്ദേഹം കാഠിന്യം പ്രവൃത്തിക്കുന്നത്, ഒരുപക്ഷെ നേതൃത്വം അദ്ദേഹത്തെ ഏൽപ്പിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിലുള്ള പല കാര്യങ്ങളും അദ്ദേഹം ഉപേക്ഷിക്കുന്നതായിരിക്കും. അതിനുശേഷം ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ)നെ വിളിച്ച് ഹദ്റത്ത് ഉമർ(റ)നെ കുറിച്ച് ചോദിച്ചപ്പോൾ ഹദ്റത്ത് ഉസ്മാൻ(റ) പറഞ്ഞു: അദ്ദേഹത്തിന്റെ അകം ബാഹ്യത്തേക്കാൾ മികച്ചതാണ്, അദ്ദേഹത്തെപ്പോലെ നമുക്കിടയിൽ മറ്റാരുമില്ല. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) രണ്ടു സ്വഹാബികളോടും പറഞ്ഞു:ഞാൻ നിങ്ങൾ രണ്ടുപേരോടും പറഞ്ഞത് മറ്റാരോടും പറയരുത്. ഞാൻ ഉമറിനെ ഒഴിവാക്കുകയാണെങ്കിൽ പിന്നെ ഉസ്മാന്റെ അപ്പുറം പോകുകയില്ല, നിങ്ങളുടെ കാര്യങ്ങളിൽ ഒരു കുറവും വരുത്താതിരിക്കാൻ അദ്ദേഹത്തിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ഇപ്പോൾ ഞാൻ നിങ്ങളുടെ കാര്യങ്ങളിൽ നിന്ന് മാറിനിൽക്കാനും നിങ്ങളുടെ പൂർവ്വികരിൽ ഒരാളാകാനും ആഗ്രഹിക്കുന്നു.

ഹദ്റത്ത് ഉമർ(റ)നെ ഖലീഫയാക്കുന്നത് സംബന്ധിച്ച് ഹദ്റത്ത് തൽഹ ബിൻ ഉബൈദുള്ളയുടെ ആശങ്കയെക്കുറിച്ച് ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: നിങ്ങൾ എന്നെ അല്ലാഹുവിനെ കുറിച്ച് ഭയപ്പെടുത്തുകയാണോ?ഞാൻ എന്റെ രക്ഷിതാവിനെ കണ്ടുമുട്ടുകയും അവൻ എന്നോട് ചോദിക്കുകയും ചെയ്യുമ്പോൾ നിന്റെ ദാസന്മാരിൽ ഏറ്റവും മികച്ചയാളെയാണ് ഞാൻ നിന്റെ ദാസന്മാരുടെമേൽ ഖലീഫയാക്കിയിരിക്കുന്നതെന്ന് ഉത്തരം പറയുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ജനങ്ങളുടെ തിരഞ്ഞെടുപ്പിലൂടെ മാത്രമാണ് ഖലീഫയെ നിശ്ചയിക്കാൻ കഴിയുന്നതെങ്കിൽ പിന്നെ എന്തിനാണ് ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ഉമർ(റ) നെ നാമനിർദ്ദേശം ചെയ്തത്? അതിനുത്തരം ഇപ്രകാരമാണ്, ഹദ്റത്ത് അബൂബക്കർ(റ) വെറുതെ നാമനിർദ്ദേശം ചെയ്തിട്ടില്ല, മറിച്ച് ആദ്യം സ്വഹാബാക്കളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. എന്നിട്ട് അദ്ദേഹം പള്ളിയിൽ എത്തുകയും ജനങ്ങളോട് ഇപ്രകാരം പറയുകയും ചെയ്തു, അല്ലയോ ജനങ്ങളെ, ഞാൻ സഹാബികളിൽ നിന്ന് ഉപദേശം സ്വീകരിച്ചശേഷം, എനിക്ക് ശേഷമുള്ള ഖലീഫയായി ഉമർ(റ)നെ തിരഞ്ഞെടുത്തിരിക്കുന്നു, അദ്ദേഹത്തിന്റെ ഖിലാഫത്ത് നിങ്ങളും അംഗീകരിക്കുന്നുവോ? അപ്പോൾ എല്ലാവരും അവരുടെ തൃപ്തി പ്രകടിപ്പിക്കുകയുണ്ടായി. ചുരുക്കത്തിൽ ഇതും ഒരു തരത്തിൽ തിരഞ്ഞെടുപ്പ് തന്നെയായിരുന്നു. മറ്റു ഖലീഫമാരെ ഖലീഫയുടെ വഫാത്തിന്ശേഷം തിരഞ്ഞെടുക്കുമ്പോൾ ഹദ്റത്ത് ഉമർ(റ)നെ ഹദ്റത്ത് അബൂബക്കർ(റ)ന്റെ സാന്നിധ്യത്തിൽ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു എന്ന വ്യത്യാസം മാത്രമാണുള്ളത്.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ രോഗവും മരണവും സംബന്ധിച്ച്, താരീഖ് തിബ്‌രിയിൽ ഇപ്രകാരം പരാമർശിക്കുന്നു, ജമാദിൽ ആഖിർ ഏഴിന് തിങ്കളാഴ്ച അദ്ദേഹം കുളിക്കുകയുണ്ടായി; ആ ദിവസം കഠിനമായ തണുപ്പുള്ളതുകൊണ്ട് അദ്ദേഹത്തിന് പനി പിടിപെട്ടു. ആ പനി പതിനഞ്ച് ദിവസം നീണ്ട്നിൽക്കുകയും ചെയ്തു. അദ്ദേഹത്തിന് നമസ്കാരത്തിന് പുറത്തിറങ്ങാൻ കഴിഞ്ഞിരുന്നില്ല. ഹദ്റത്ത് ഉമർ(റ) നമസ്കരിപ്പിക്കട്ടെ എന്ന് അദ്ദേഹം ഉത്തരവിട്ടു. അദ്ദേഹത്തെ സന്ദർശിക്കാൻ ആളുകൾ വന്നുകൊണ്ടിരുന്നു, പക്ഷേ അദ്ദേഹത്തിന്റെ ആരോഗ്യം അനുദിനം വഷളായിക്കൊണ്ടിരുന്നു. അക്കാലത്ത്, റസൂൽ(സ) നൽകിയ (ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാന്റെ വീടിന് മുന്നിൽ സ്ഥിതി ചെയ്യുന്ന) വീട്ടിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. അസുഖകാലത്ത് കൂടുതൽ പരിചരണം ഹദ്റത്ത് ഉസ്മാൻ(റ) ആയിരുന്നു ചെയ്തുകൊണ്ടിരുന്നത്. വൈദ്യനെ വിളിക്കുന്നത് നല്ലതാണെന്ന് ആരോ അദ്ദേഹത്തോട് പറഞ്ഞപ്പോൾ അയാൾ എന്നെ കണ്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അയാൾ നിങ്ങളോട് എന്താണ് പറഞ്ഞതെന്ന് ആളുകൾ ചോദിച്ചു, പറഞ്ഞു: اِنِّیۡ اَفۡعَلُ مَا اَشَآءُ അഥവാ ഞാൻ ആഗ്രഹിക്കുന്നതെന്തും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

അതായത് അതുകൊണ്ട് അല്ലാഹു ഉദ്ദേശിച്ചതെന്തെന്നാൽ, ഇനി എന്നെ തന്റെ അടുക്കലേക്ക് വിളിക്കണമെന്നാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അതുകൊണ്ട് വൈദ്യരുടെ സഹായം ആവശ്യമില്ല.

ഹിജ്റ 22 ജമാദിൽആഖിർ 13 ന് ചൊവ്വാഴ്ചവൈകുന്നേരം അറുപത്തിമൂന്നാം വയസ്സിൽ അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടം രണ്ടു വർഷം മൂന്ന് മാസം പത്ത് ദിവസം ആയിരുന്നു. അദ്ദേഹത്തിന്റെ അധരങ്ങളിൽ നിന്ന് അവസാനമായി പുറത്തുവന്നത് വിശുദ്ധ ഖുർആനിലെ تَوَفَّنِي مُسْلِمًا وَّأَلْحِقْنِي بِالصّٰلِحِيْنَ എന്ന വാക്കുകൾ ആയിരുന്നു. അതായത് എന്നെ അനുസരണയുള്ള അവസ്ഥയിൽ മരിപ്പിക്കേണമേ എന്നെ സുകൃതവാൻമാരുടെ കൂട്ടത്തിൽ ഗണിക്കപ്പെടുകയും ചെയ്യേണമേ (യൂസുഫ്:102) അദ്ദേഹത്തിന്റെ മോതിരത്തിൽ نِعْمَ الْقَادِرُ اللهُ അഥവാ അല്ലാഹു എത്ര നല്ല കഴിവുകൾക്കുടമയാകുന്നു എന്ന് എഴുതിയിട്ടുണ്ടായിരുന്നു.

ഹദ്റത്ത് അബൂബക്കർ പറഞ്ഞതായി ഹദ്റത്ത് ആയിശ(റ) പറയുന്നു:എന്റെ മരണാനന്തര ക്രിയകൾ പൂർത്തിയാക്കിയശേഷം, മറ്റെന്തെങ്കിലും അവശേഷിക്കുന്നുണ്ടോ എന്ന് നോക്കുക ഉണ്ടെങ്കിൽ അതും ഉമറിന് അയച്ചു കൊടുക്കുക. കഫൻ ചെയ്യുന്നതിനെ കുറിച്ച് പറഞ്ഞു: ഇപ്പോൾ എന്റെ ശരീരത്തിലിരിക്കുന്ന വസ്ത്രം തന്നെ കഴുകി അതോടൊപ്പം മറ്റു വസ്ത്രങ്ങളും ഉപയോഗിച്ച് കഫൻ ചെയ്യുക. ഹദ്റത്ത് ആയിശ(റ) പറഞ്ഞു: ഇത് പഴയതാണല്ലോ കഫൻ ചെയ്യാൻ പുതിയത് വേണം. അദ്ദേഹം പറഞ്ഞു:ജീവിച്ചിരിക്കുന്നവർക്കാണ് മരണപ്പെട്ടവരേക്കാൾ പുതുവസ്ത്രത്തിന് അർഹതയുള്ളത്.

ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: തന്റെ ഭാര്യ ഹദ്റത്ത് അസ്മാ ബിൻത് അമീസ് തന്നെ കുളിപ്പിക്കണമെന്ന് അദ്ദേഹം വസിയ്യത്ത് ചെയ്തിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ മകൻ ഹദ്റത്ത് അബ്ദുറഹ്മാൻ അവരെ സഹായിച്ചു. അദ്ദേഹത്തിന്റെ കഫൻ രണ്ട് തുണികൾ ആയിരുന്നു. അവയിലൊന്ന് കുളിപ്പിക്കാൻ ഉപയോഗിക്കണമായിരുന്നു. മൂന്ന് തുണികളിൽ ഉപയോഗിച്ച് കഫൻ നൽകി എന്നും ഒരു നിവേദനത്തിലുണ്ട്. എന്നിട്ട് അദ്ദേഹത്തിന്റെ ഭൗതീക ശരീരത്തെ (ഹദ്റത്ത് ആയിശ ഉറങ്ങിയിരുന്ന) നബി(സ)യുടെ കട്ടിലിൽ വച്ചു. അതേ കട്ടിലിലാണ് അദ്ദേഹത്തിന്റെ ജനാസ കൊണ്ടു പോയത്. ഹദ്റത്ത് ഉമർ(റ) റസൂൽ(സ)യുടെ ഖബറിനും മിമ്പറിനും ഇടയിൽ ജനാസ നമസ്കരിപ്പിച്ചു. രാത്രി സമയം അതേ മുറിയിൽ റസൂൽ(സ)യുടെ ഖബറിനോട് ചേർന്ന് അടക്കം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ തല നബി(സ)യുടെ തോളിന് അഭിമുഖമായി വെച്ചു. ഖബറടക്കുമ്പോൾ ഹദ്റത്ത് ഉമർ ബിൻ ഖത്താബ്, ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ, ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലാഹ്, ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ അബൂബക്കർ(റളിയല്ലാഹു അൻഹും) എന്നിവർ ഖബറിൽ ഇറങ്ങി ഖബറടക്കം നടത്തി.

അദ്ദേഹത്തിന് നാല് ഭാര്യമാരുണ്ടായിരുന്നു. ഖത്തീല ബിൻത് അബ്ദുൽ ഉസ്സാ (ഹദ്റത്ത് അബ്ദുല്ലായുടെയും ഹദ്റത്ത് അസ്മയുടെയും മാതാവ്), ഹദ്റത്ത് ഉമ്മെ റുമാൻ ബിൻത് ആമിർ (ഹദ്റത്ത് അബ്ദുൽ റഹ്മാന്റെയും ഹദ്റത്ത് ആയിശയുടെയും മാതാവ്), ഹദ്റത്ത് അസ്മ ബിൻത് അമീസ് (മുഹമ്മദ് ബിൻഅബൂബക്കറിന്റെ മാതാവ്), ഹദ്റത്ത് ഹബീബ ബിൻത് ഖാരിജ (ഹദ്റത്ത് അബൂബക്കർ(റ)ന്റെ മരണത്തിന്ശേഷം കുറച്ച് കാലം കഴിഞ്ഞ് ജനിച്ച ഹദ്റത്ത് ഉമ്മു കുൽസുമിന്റെ മാതാവ്)

അദ്ദേഹം ഭരണ നിർവഹണ കാര്യത്തിൽ എന്തെങ്കിലും പ്രശ്നം നേരിട്ടാൽ, കൂടിയാലോചന അനിവാര്യമായി വന്നാൽ അദ്ദേഹം മുഹാജിരീങ്ങളിൽ നിന്ന് എണ്ണപ്പെട്ട ചില സ്വഹാബികളെ വിളിക്കുമായിരുന്നു. ചിലപ്പോൾ അദ്ദേഹം കൂടുതൽ മുഹാജിരീങ്ങളേയും അൻസാറുകളേയും ഒരുമിച്ചു കൂട്ടുമായിരുന്നു. അദ്ദേഹം മുതിർന്ന സഹാബാക്കളുമായി കൂടിയാലോചിച്ച് ബൈത്തുൽ മാൽ എന്ന പേരിൽ ഒരു വീട് പ്രത്യേകമാക്കിയിരുന്നു. അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, അദ്ദേഹത്തിന്റെ ആവശ്യങ്ങൾക്കുള്ള ഏർപ്പാടുകൾ ബൈത്തുൽമാലിൽ നിന്നുള്ള വേതനം മുഖേന നടത്തി. (പ്രതിവർഷം മൂവായിരം ദിർഹം അഥവാ അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത് ആറായിരം ദിർഹം). പ്രജകൾ വേതനം നിശ്ചയിച്ച പ്രഥമ ഭരണത്തലവനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റേയും കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബൈത്തുൽമാലിൽ നിന്നുള്ള വേതനം സ്വീകരിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ വഫാത്തിന്റെ സമയത്ത് മുഴുവൻ പണവും തിരികെ നൽകി എന്നത് ജീവചരിത്ര ഗ്രന്ഥങ്ങളെല്ലാം ഐക്യകണ്ഠേന അംഗീകരിച്ചതായി കാണാം. അദ്ദേഹം നീതിന്യായ വ്യവസ്ഥിതിയും പൊതു മുസ്‌ലിംകളുടെ സൗകര്യത്തിനായി മതവിധി ഗവേഷണ വകുപ്പും (ഇഫ്താ) തുടങ്ങി. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത് സിവിൽ സംവിധാനം (ദീവാൻ) സ്ഥാപിക്കപ്പെട്ടിരുന്നില്ല എങ്കിലും ഔദ്യോഗിക ഉത്തരവുകളും കരാറുകളും മറ്റ് രേഖാമൂലമുള്ള എഴുത്തുകളും നിർവഹിക്കുന്നതിനായി ചിലരെ നിയമിച്ചിരുന്നു.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാലത്ത് ഔപചാരികമായ സൈനിക സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. ജിഹാദിന്റെ സമയത്ത് എല്ലാ മുസ്‌ലിംകളും യോദ്ധാക്കളായിരുന്നു. സൈന്യത്തെ ഗോത്രങ്ങൾക്കനുസൃതമായി വിഭജിച്ചിരുന്നു. ഒരോ ഗോത്രങ്ങൾക്കും ഒരോ നേതാവ് ഉണ്ടായിരുന്നു ആ നേതാക്കന്മാരുടെ എല്ലാം മുകളിൽ മറ്റൊരു നേതാവ് ഉണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ആണ് ആ വകുപ്പ് ഉണ്ടാക്കിയത്. യുദ്ധത്തിന് പോകുന്ന സൈനീക മേധാവികൾക്കും കമാൻഡർമാർക്കും അദ്ദേഹം നിർദ്ദേശങ്ങൾ നൽകുമായിരുന്നു, ഈ സന്ദർഭത്തിൽ, ഹുസൂർ അൻവർ(അ.ബി) അദ്ദേഹം ഉസാമയുടെ സൈന്യത്തെ അഭിസംബോധന ചെയ്ത് പറഞ്ഞ ബുദ്ധിപരമായ ഉപദേശം പരാമർശിക്കുകയും കൂടാതെ സിറിയയിൽ യുദ്ധം ചെയ്യാൻ ഹദ്റത്ത് യസിദ് ബിൻ അബൂസുഫിയാനെ അയക്കുമ്പോൾ ചെയ്ത വിലപ്പെട്ട ഉപദേശത്തെ കുറിച്ച് കഴിഞ്ഞ ഒരു ഖുത്തുബയിൽ പരാമർശിച്ചിട്ടുണ്ടെന്ന് ഓർമപ്പെടുത്തുകയും ചെയ്തു. ചില പ്രധാന കാര്യങ്ങളുടെ സംഗ്രഹം ഞാൻ വീണ്ടും വിവരിക്കാം.

ഹുസൂർ അൻവർ(അ.ബി) പറഞ്ഞു: ഓരോ ഭാരവാഹിയും ഓർത്തിരിക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണിവ. അത് അനുസരിക്കുന്നത് മുഖേന നമ്മുടെ പ്രവൃത്തികളിൽ അനുഗ്രഹമുണ്ടായിരിക്കുന്നതാണ്.

അദ്ദേഹം പറഞ്ഞു; നീ അല്ലാഹുവിനോട് സൂക്ഷ്മത പുലർത്തുക, നിന്റെ ബാഹ്യത്തെപ്പോലെ തന്നെ നിന്റെ ആന്തരവും അവൻ കാണുന്നുണ്ട്. ജനങ്ങളിൽ വെച്ച് അല്ലാഹുവിനോട് ഏറ്റവും സമീപസ്ഥനായിട്ടുള്ളത് സ്വകർമ്മങ്ങളിലൂടെ അവന്റെ സാമീപ്യം കരസ്ഥമാക്കിയ വ്യക്തിയാണ്. അജ്ഞാനപൂർണമായ മുൻവിധികളിൽ നിന്ന് വിട്ട് നിൽക്കുക. അല്ലാഹു ഇത്തരം കാര്യങ്ങൾ തീരെ ഇഷ്ടപ്പെടുന്നില്ല. വീണ്ടും പറഞ്ഞു: നീ സ്വന്തം സൈന്യത്തോട് നല്ല രീതിയിൽ പെരുമാറുക. അവരോട് നന്മയോടെ വർത്തിക്കുക. അവർക്ക് ഉപദേശ നിർദേശങ്ങൾ നൽകുമ്പോൾ ഹ്രസ്വമായി നൽകുക; കാരണം അമിതമായ സംഭാഷണം പലതും മറപ്പിക്കും. നീ സ്വന്തം ആത്മാവിനെ ശരിയാക്കി വെക്കുക ജനങ്ങൾ നിനക്കായി ശരിയായിക്കൊള്ളും, നമസ്കാരങ്ങൾ കൃത്യസമയത്ത് റുക്കൂഉം സുജൂദും പൂർത്തിയാക്കിക്കൊണ്ട് നിർവഹിക്കുക. വീണ്ടും പറഞ്ഞു, ശത്രുപക്ഷത്തുള്ള ദൂതൻ നിന്റെ അടുത്ത് വരുമ്പോൾ അവരെ ആദരിക്കുക. അൽപനേരം മാത്രമേ അവരെ അവിടെ നിർത്താവൂ; നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവരെ അറിയിക്കരുത്. സ്വന്തം ആളുകളുമായി അദ്ദേഹം സംസാരിക്കുന്നത് തടയുക. നിങ്ങൾ ഒരാളിൽ നിന്ന് അഭിപ്രായം തേടുമ്പോൾ, മുഴുവൻ കാര്യങ്ങളും പറഞ്ഞതിന്ശേഷം അഭിപ്രായം ആരായുക. അഭിപ്രായം തേടുന്നവരിൽ നിന്ന് ഒന്നും മറച്ചുവെക്കരുത് അല്ലാത്ത പക്ഷം നിങ്ങൾ കാരണം നിങ്ങൾക്കു തന്നെ നഷ്ടം സംഭവിക്കും. രാത്രി സുഹൃത്തുക്കളുമായി സംസാരിച്ചിരിക്കുക. വൈകുന്നേരങ്ങളിൽ ഇരിക്കുക അവരിൽ നിന്നും ആളുകളെ തിരഞ്ഞെടുക്കുക, അത് മുഖേന കാര്യങ്ങൾ അറിയാനാകും. മിക്കപ്പോഴും സൈനീക താവളങ്ങളിൽ അറിയിപ്പുകൂടാതെയുള്ള പരിശോധന നടത്തേണ്ടതും ആവശ്യമാണ്, താൻ കാത്തുകൊള്ളേണ്ട സ്ഥലത്തെ ചൊല്ലി അശ്രദ്ധകാണിക്കുന്നവരെ നന്നായി ശിക്ഷിക്കുക. വീണ്ടും പറഞ്ഞു: ശിക്ഷിക്കുന്നതിൽ തിടുക്കം കാണിക്കരുത്, ഒട്ടും അവഗണിക്കുകയുമരുത്. സ്വന്തം സൈന്യത്തിന്റെ കാര്യത്തിൽ അശ്രദ്ധ കാണിക്കരുത്. അവരെ എല്ലായ്പ്പോഴും അന്വേഷിക്കുകയും ചാരപ്പണി നടത്തുകയും ചെയ്യരുത്, കാരണം അത് അവരെ അപമാനിതരാകുന്നു. നിങ്ങൾക്ക് അറിയാവുന്ന അവരുടെ രഹസ്യങ്ങൾ മറ്റാരുമായും പങ്കിടരുത്. വ്യർത്ഥരായ ആളുകളോടൊപ്പം ഇരിക്കരുത്, സത്യസന്ധരും വിശ്വസ്തരുമായ ആളുകളോടൊപ്പം ഇരിക്കുക. ഭീരുവാകരുത്, ജനങ്ങളും ഭീരുക്കളായി മാറും. യുദ്ധമുതലുകളുടെ കാര്യത്തിൽ വഞ്ചന കാണിക്കരുത്, അത് ദാരിദ്ര്യത്തിലേക്ക് അടുപ്പിക്കുകയും വിജയത്തെയും സഹായത്തെയും തടയുകയും ചെയ്യുന്നു. ഞാൻ ഇവിടെ പരാമർശിച്ച പല കാര്യങ്ങളും സൈനീക മേധാവികൾക്ക് മാത്രമുള്ളതല്ല, അവയിൽ പലതും നമ്മുടെ ഭാരവാഹികളും അറിഞ്ഞിരിക്കേണ്ടതാണ്. അവർ അതിനെ പരിഗണിക്കുമ്പോഴാണ് അവരുടെ ജോലിയിൽ അനുഗ്രഹമുണ്ടാകുന്നത്.

അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത്, ഇസ്‌ലാമിക രാജ്യങ്ങളെ വിവിധ പ്രവിശ്യകളായി തിരിച്ചിരിന്നു. അതിൽ അദ്ദേഹം അമീർമാരെയും ഗവർണർമാരെയും നിയമിച്ചു. അദ്ദേഹം ഖലീഫ എന്ന സ്ഥാനം അലങ്കരിച്ച് താമസിച്ചിരുന്ന മദീനയായിരുന്നു *ദാറുൽ ഖിലാഫ* അഥവാ ഖിലാഫത്ത് കേന്ദ്രം. തിരുനബി(സ)യുടെ സുന്നത്തനുസരിച്ച് അദ്ദേഹം ഒരു രാഷ്ട്രത്തിന് ഗവർണറെ നിയമിക്കുമ്പോൾ, ആ രാഷ്ട്രത്തിൽ നല്ലവരും നീതിമാനുമായ വ്യക്തികൾ ഉണ്ടായിരുന്നെങ്കിൽ, അവരിൽ നിന്ന് തന്നെ ഗവർണറെ നിയമിക്കുമായിരുന്നു. പ്രവർത്തകരെ തിരഞ്ഞെടുക്കുമ്പോൾ മുസ്‌ലിംകൾക്ക് മുൻഗണന നൽകുമായിരുന്നു, കൂടാതെ നുബുവ്വത്തിന്റെ പാഠശാലയിൽ നിന്ന് ശിക്ഷണം നേടിയവരെ നിയമിക്കുമായിരുന്നു. ഒരിക്കലും ഗോത്രവാദത്തിന്റെയോ സ്വജനപക്ഷപാതത്തിന്റെയോ മനോഭാവം സ്വീകരിച്ചിട്ടില്ല. ഈ കർശനമായ തത്വത്തിന്റെയും ഉയർന്ന നിലവാരത്തിന്റെയും ഫലമാണ് അദ്ദേഹം നിയമിച്ച എല്ലാ നേതാക്കന്മാരും ഉദ്യോഗസ്ഥരും അവരുടെ മികച്ച കഴിവുകൾ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വേണ്ടി എപ്പോഴും സമർപ്പിച്ചത്. ഈ വിവരണം ഇനിയും തുടരുന്നതാണ്. ഇൻശാഅല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 09.09.2022

Malayalam Translation: **Moulavi M. Fahin Ahmed Palakkad** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**